# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4737 27/06/2014-ൽ മറുപടിയ്ക്ക്

## കാർഷിക വികസന നയം

ചോദ്യം
ശ്രീ. റ്റി.എൻ. പ്രതാപൻ
,, സണ്ണിജോസഫ്
,, പാലോട് രവി
,, പി.സി. വിഷ്ണുനാഥ്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

എ) ഉണ്ട്.

30.05.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.132/2012/കൃഷി പ്രകാരം മുൻ എം.എൽ.എ ശ്രീ.കെ.കൃഷ്ണൻക്കുട്ടി അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിച്ചു. ഈ സമിതി സമർപ്പിച്ച കരട് കാർഷിക വികസന നയം പരിഗണനയിലാണ്.

ബി) കാർഷികവികസനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

ബി) കാർഷിക കാര്യാലയത്തിൽ നിന്നും വരുമാനം ഉറപ്പാക്കൽ, കർഷകർക്കും, കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കൽ യുവതലമുറയെ കൃഷി ഭൂമിയിലേയ്ക്ക് ആകർഷിക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഒരു കാർഷിക വികസന നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സി) നയം സംബന്ധിച്ച ശുപാർശകൾ നൽകാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

സി) കാർഷിക വികസന നയം സംബന്ധിച്ച ശുപാർശകൾ നൽകാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിലെ അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ വകുപ്പ് മന്ത്രി.
2. എക്സൈസ്സ് വകുപ്പ് മന്ത്രി.
3. റവന്യൂ വകുപ്പ് മന്ത്രി.
4. ജലവിഭവ വകുപ്പ് മന്ത്രി.
5. ക്ഷീര വികസന വകുപ്പ് മന്ത്രി.
6. പഞ്ചായത്ത് വകുപ്പ് മന്ത്രി.
7. ഊർജ്ജ വകുപ്പ് മന്ത്രി.
8. കൃഷി വകുപ്പ് മന്ത്രി.

ഡി) നയം എന്ന് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡി) കരട് നയം നിയമസഭയിൽ അവതരിപ്പിച്ചു. തുടർചർച്ചകൾക്കു ശേഷം ഔദ്യോഗികമായി പ്രസിദ്ധീകരിക്കും.

സെക്ഷൻ ഓഫീസർ